## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2513 — 12/06/2018-ൽ മറുപടിയ്ക്ക്

# സഹകരണ സംഘങ്ങളിലൂടെ നെല്ല് സംഭരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നെല്ല് സംഭരണത്തിന് വേണ്ടത്ര പ്രാധാന്യം ലഭിക്കാത്തത് നെൽ കർഷകരെ ദുരിതത്തിലാക്കുന്നു എന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ ഇടപെടാൻ സഹകരണ മേഖല തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ച് സംസ്കരിച്ച് സപ്ലൈകോ/ത്രിവേണി വഴി ബ്രാൻഡഡ് അരിയാക്കി പാക്കറ്റുകളിൽ മില്ലുകളുടെ പേരോട്ടുകൂടി വിപണിയിൽ എത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതിനും പാലക്കാട് ജില്ലയെ പൈലറ്റ് പ്രോജക്ടാക്കി ടി ജില്ലയിലെ സഹകരണ സംഘങ്ങളും കർഷകരുമായി ചർച്ച നടത്തുന്നതിനും ടി വിഷയത്തിൽ സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കുമായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ കൺവീനറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ വഴിയുള്ള നെൽ സംഭരണം, സംസ്കരണം, വിതരണം എന്നിവ സംബന്ധിച്ച് ഒരു പദ്ധതിരേഖ മേൽ കമ്മിറ്റി അംഗം കൂടിയായ സഹകരണ സംഘം രജിസ്ട്രാർ മേൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ സംഘം തന്നെ നെല്ല് സംഭരിച്ച്, സംസ്കരിച്ച് സ്വന്തം ബ്രാന്റിൽ വില്പന നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | പദ്ധതി ആലോചനകൾ നടന്നുവരുന്നു. സഹകരണ സംഘം നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നത് സംബന്ധിച്ച് 'വിത്ത് മുതൽ വിത്ത് വരെ' എന്ന ഒരു പദ്ധതി രേഖ സഹകരണ സംഘം രജിസ്ട്രാർ ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി കൺവീനറായ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതൊക്കെ ഔട്ട്ലെറ്റുകളിലൂടെയാണ് പ്രസ്തുത അരി വിൽക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഇപ്രകാരം വിൽക്കുന്ന അരിക്ക് സബ്സിഡി നൽകുന്നതിന് ആലോചനയുണ്ടോ; | (സി) | ബാധകമല്ല. |
| (ഡി) | കർഷകർക്ക് നെല്ലിന് ന്യായമായ വിലയും ഉപഭോക്താവിന് ഗുണനിലവാരമുള്ള അരിയും ഈ പദ്ധതിയിലൂടെ ലഭ്യമാക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ? | (ഡി) | പ്രതീക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ